**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2014** **09-12-2022 - ൽ മറുപടിയ്ക്ക്**

**കോളേജ് വിദ്യാഭ്യാസ വകുപ്പിൽ പ്രിൻസിപ്പൽ തസ്തികയിൽ സ്ഥാനക്കയറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കോളേജ് വിദ്യാഭ്യാസ വകുപ്പിൽ നിലവിൽ ഒഴിവുള്ള പ്രിൻസിപ്പൽ തസ്തികകളിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിനായി ഡി.പി.സി. ചേർന്നിട്ടുണ്ടോ; | (എ) | സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ പ്രിൻസിപ്പൽ തസ്തികയിലേക്കുള്ള ഡി.പി.സി 23.06.2022 ന് ചേർന്നു. സർക്കാർ ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജ്, സർക്കാർ ട്രെയിനിംഗ് കോളേജ് എന്നിവിടങ്ങളിലെ പ്രിൻസിപ്പൽ തസ്തികയിലെ ഒഴിവിലേക്ക് ഡി.പി.സി ചേർന്നിട്ടില്ല. |
| (ബി) | പ്രസ്തുത ഡി.പി.സി. പ്രകാരം നാളിതുവരെ എത്ര പേർക്കാണ് പ്രിൻസിപ്പലായി നിയമനം നൽകിയിട്ടുള്ളത്, വ്യക്തമാക്കുമോ; | (ബി) | വിവിധ സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ പ്രിൻസിപ്പൽ തസ്തികയിൽ നിയമനം നടത്തുന്നതിന് യു.ജി.സി മാനദണ്ഡപ്രകാരവും വകുപ്പിൽ നിലവിലുള്ള സ്പെഷ്യൽ റൂൾസ് പ്രകാരവും യോഗ്യരായവരിൽ നിന്നും പ്രൊപ്പോസലുകൾ ക്ഷണിക്കുകയും, സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് ഈ പ്രൊപ്പോസലുകൾ പരിശോധിക്കുകയും ടി സെലക്ഷൻ കമ്മിറ്റി തെരഞ്ഞെടുത്തവരെ ഉൾപ്പെടുത്തി വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി ചേരുകയും 43 പേരുടെ പട്ടിക തയ്യാറാക്കുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട് അനവധി പരാതികൾ ലഭിച്ചതിനാൽ സെലക്ട് ലിസ്റ്റ് അംഗീകരിച്ച് ഉത്തരവായിട്ടില്ല. മേൽപ്പട്ടിക ഒരു കരട് പട്ടികയായി പ്രസിദ്ധീകരിച്ച് പരാതികൾ ഉണ്ടെങ്കിൽ അപ്പീൽ കമ്മിറ്റി രൂപീകരിച്ച് പരാതികൾ പരിശോധിച്ച് തീർപ്പു കൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്നും പ്രസ്തുത ഒഴിവുകൾ നിലവിൽ വന്നതെന്നാണെന്നും കോളേജ് തിരിച്ച് കണക്കുകൾ ലഭ്യമാക്കുമോ; | (സി) | സർക്കാർ ആർട്സ് ആൻറ് സയൻസ് കോളേജുകളിൽ 55 ഒഴിവുകളും, സർക്കാർ ട്രെയിനിംഗ് കോളേജുകളിൽ 2 ഒഴിവുകളും, സർക്കാർ ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജിൽ ഒരു ഒഴിവും ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | ഇതിനായി 'വകുപ്പ്തല സ്ഥാനക്കയറ്റ സമിതി' യോഗം ചേർന്ന ദിവസവും ആയതുപ്രകാരം എത്ര | (ഡി) | സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ പ്രിൻസിപ്പൽ തസ്തികയിലേക്കുള്ള |

| | | | |
|---|---|---|---|
| | പേർക്ക് സ്ഥാനക്കയറ്റം നൽകാൻ തീരുമാനിച്ചുവെന്നും അറിയിക്കുമോ? | | ഡി.പി.സി 23.06.2022 ന് ചേർന്നു. 43 പേരുടെ കരട് പട്ടികയിന്മേലുള്ള പരാതികൾ അപ്പീൽ കമ്മിറ്റി പരിശോധിച്ച് തീർപ്പാക്കുന്ന മുറയ്ക്ക് സ്ഥാനക്കയറ്റത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ